പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 273

03/04/2013-ൽ മറുപടിക്ക്

ആശ്രയ 2-ാംഘട്ട പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ | | ഡോ. എം. കെ. മുനീർ<br>ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി |
| (എ) ആശ്രയ 2-ാം ഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടാത്ത അർഹതയുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് രണ്ടാംഘട്ട ആശ്രയ നടപ്പിലാക്കുന്നത്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരും അടിസ്ഥാന ജീവിത സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സാമൂഹ്യമായി ബഹിഷ്കൃതരും പാർശ്വവൽക്കരിക്കപ്പെട്ടവരും യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme). ടി പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യവികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. ടി പദ്ധതി പ്രകാരം കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, വീട് ആരോഗ്യപരിരക്ഷ തുടങ്ങിയവ നൽകിവരുന്നു. |

(സി) 1-ാം ഘട്ട പദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഇതിൽ വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

(സി) 16-06-2012 ലെ സ.ഉ. (കൈ) നം. 170/2012/തസ്വഭവ, 19-01-2013 ലെ സ.ഉ. (എം.എസ്) നം. 27/13/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം രണ്ടാംഘട്ട ആശ്രയ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലെ പ്രധാന പരിഷ്കാരങ്ങളാണ്

1. പ്രാഥമിക / കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളിൽ ചെന്ന് മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്ത രോഗികൾക്ക് പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മരുന്ന് വീട്ടിൽ ലഭ്യമാക്കുന്നു.

2. ദീർഘകാല രോഗങ്ങൾ ബാധിച്ചവർക്കും, ആശുപത്രിയിലോ വീട്ടിലോ കിടത്തി ചികിത്സ ആവശ്യമുള്ളവർക്കും പരിചരണ സാമഗ്രികളായ കട്ടിൽ, വാട്ടർബെഡ്, വീൽചെയർ, ഡ്രിപ്സ്റ്റാൻഡ്, കമ്മോഡ്, കത്തീറ്റർ, ഡ്രസ്സിംഗ് ഉപകരണങ്ങൾ തുടങ്ങിയവ മരുന്നിനു പുറമേ ലഭ്യമാക്കുന്നു.

3. പോഷകാഹാര കിറ്റിനായി വകയിരുത്തിയിട്ടുള്ള തുക ഒരംഗത്തിന് 200 രൂപയായും രണ്ട് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 300 രൂപയായും മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 400 രൂപയായും വർദ്ധിപ്പിച്ച് നൽകുന്നു.

4. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ സബ്സിഡിക്കു പുറമേ ബാങ്ക് വായ്പയ്ക്ക് തുല്യമായ തുക പ്രത്യേക അപേക്ഷ പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും അനുവദിക്കുന്നതാണ്.

5. ചലഞ്ച് ഫണ്ടായി കുടുംബശ്രീയിൽ നിന്നും അനുവദിക്കുന്ന തുക പ്രോജക്ട് തുകയുടെ 40%-ന് വിധേയമായി 15.00 ലക്ഷം രൂപയിൽ നിന്നും 25.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തുടർസഹായം ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി അതിജീവനാവശ്യങ്ങൾക്കും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നു

7. ഗുണഭോക്താവിന്റെ ശാരീരിക അവശത കണക്കിലെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ പ്പോലും തുടർസഹായം ആവശ്യമുള്ളവർക്ക് സഹായം ലഭ്യമാക്കും.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും പുതിയ ഗുണഭോക്താക്കളെ സർവ്വേ നടത്തി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും കുടുംബശ്രീ സംസ്ഥാന ഓഫീസിൽ നിന്നും നേരിട്ടു തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറിതുടങ്ങിയവർക്ക് പദ്ധതി രൂപീകരണം നടപ്പാക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. എല്ലാ ജില്ലകളിലും ആശ്രയ പദ്ധതി രൂപീകരണം സംബന്ധിച്ച പരിശീലനം നടത്തിയിട്ടുണ്ട്. ഇതു കൂടാതെ ഇവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിന് രണ്ടു റിസോഴ്സ്പേഴ്സൺമാരെ വീതം നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ